കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഞ്ഞങ്ങാട് നഗരസഭ - 10-ാം ധനകാര്യ കമ്മീഷന്റെ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി ഗ്രാമത്തിൽ ശുദ്ധജല പദ്ധതി നടപ്പാക്കിയതിലെ ക്രമക്കേട് - വിജിലൻസ് റിപ്പോർട്ട് - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.വി.സത്യവാനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

## തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(സാധാ) നം.2754/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 10.09.2015

=================================================================

പരാമർശം:-
1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.11.2006 തീയതിയിലെ E14 (VE 13/05/KSD)37060/2005 നമ്പർ കത്ത്.
2) 12.11.2009 തീയതിയിലെ 9305/ഇയു1/07/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. വി.വി. സത്യവാന്റെ 03.01.2008 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 20.01.2011 തീയതിയിലെ വി3-4592/07 നമ്പർ കത്ത്.
5) 02.03.2011 തീയതിയിലെ 9305/ഇയു1/07/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6) ശ്രീ. വി.വി. സത്യവാൻ കാരണം കാണിക്കൽ നോട്ടീസിന് നൽകിയ 29.03.2011 തീയതിയിലെ മറുപടി.
7) ശ്രീ. വി.വി. സത്യവാൻ ഫയൽ ചെയ്ത OA-1315/2012 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11.11.2014 തീയതിയിലെ ഉത്തരവ്.
8) നഗരകാര്യ ഡയറക്ടറുടെ 17.04.2015 തീയതിയിലെ വി2-4592/2007 നമ്പർ കത്ത്.

## ഉത്തരവ്

കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ 10-ാം ധനകാര്യ കമ്മീഷന്റെ പദ്ധതി പ്രകാരം മത്സ്യതൊഴിലാളി ഗ്രാമത്തിൽ ശുദ്ധജല പദ്ധതി നടപ്പാക്കുന്നതിന് കാഞ്ഞങ്ങാട് നഗരസഭക്ക് 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തുകയും തുക കൈമാറുകയും ചെയ്തിരുന്നു. അതനുസരിച്ച് പദ്ധതി പൂർത്തിയാക്കി കുടിവെള്ള പദ്ധതിയുടെ ആസ്തികൾ 2.4.2002-ൽ അന്നത്തെ കാഞ്ഞങ്ങാട് മുനിസിപ്പൽ സെക്രട്ടറിക്ക് കൈമാറുകയും ചെയ്തു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തി പൂർത്തിയായതായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 20/05/02-ൽ അറിയിച്ചിട്ടും ആയത് ഏറ്റെടുത്ത് പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിയുള്ള യാതൊരുവിധമായ നടപടിയും സ്വീകരിച്ചിട്ടില്ല. ഉത്തരത്തിൽ നടപടി സ്വീകരിക്കാതിരുന്നതിനാൽ പല

യന്ത്രസമാഗ്രികളും പ്രവർത്തനരഹിത മാകുകയും പൊതുഫണ്ടിൽ 36,659/- രൂപാ നഷ്ടമുണ്ടായതായി വിജിലൻസ് വകുപ്പ് കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.വി. സത്യവാന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ആയതിന് ടിയാൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തു.

പദ്ധതിയുടെ ആസ്തികൾ കൈമാറിയ സമയത്ത് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.വി. സത്യവാന്റെ ഭാഗത്ത് കൃത്യവിലോപം ഉണ്ടായതായും പ്രസ്തുത വീഴ്ച മൂലം 36,659/- രൂപ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചതിന് കാരണക്കാരനായ ടിയാനിൽ നിന്നും ടി തുക ഈടാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്ത സാഹചര്യത്തിൽ ടിയാനെതിരായ നടപടി 'സെൻഷ്വർ' നൽകി കൊണ്ടും ഇക്കാര്യത്തിൽ നഗരസഭയ്ക്ക് നഷ്ടമായതായി വിജിലൻസ് വകുപ്പ് കണ്ടെത്തിയ 36,659/- രൂപ ടിയാനിൽ നിന്നും ഈടാക്കാവുന്നതാണെന്നുമുള്ള ഒരു താൽക്കാലിക തീരുമാനം കൈക്കൊണ്ട് ശ്രീ. വി.വി. സത്യവാന് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. വി.വി.സത്യവാൻ പരാമർശം (6) പ്രകാരം മറുപടി സമർപ്പിച്ചു.

ഡി.സി.ആർ.ജി. ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിച്ച് ശ്രീ. വി.വി. സത്യവാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-1315/2012 കേസിലെ പരാമർശം (7) പ്രകാരമുള്ള ഉത്തരവിൽ ശ്രീ. വി.വി. സത്യവാനെതിരായ അച്ചടക്ക നടപടികൾ നാല് മാസത്തിനകം പൂർത്തിയാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഡി.സി.ആർ.ജി. അനുവദിക്കണമെന്ന് സർക്കാരിനോട് നിർദ്ദേശം നൽകി കേസ് തീർപ്പാക്കിയിട്ടുണ്ട്.

ഇക്കാര്യത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം (8)-ലെ കത്തിൽ ചുവടെ പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

'ശ്രീ. വി. വി. സത്യവാൻ 23.10.2000 മുതൽ 11.06.2002 വരെ കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറി ആയിരുന്നു എന്നു കാണുന്നു. പരാമർശ പദ്ധതിയുടെ

ആസ്തികൾ 02.04.2002-ൽ നഗരസഭാ സെക്രട്ടറി ശ്രീ. വി.വി. സത്യവാന് കൈമാറിയിട്ടുള്ളതിന്റെ രേഖ കണ്ണൂർ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഡി2-1558/2000-ാം നമ്പർ ഫയലിന്റെ 136-ാം പേജിൽ ഉള്ളതായി വിജിലൻസ് റിപ്പോർട്ടിന്റെ 5-ാം പേജിൽ പറയുന്നുണ്ടെങ്കിലും പ്രസ്തുത രേഖ ബന്ധപ്പെട്ട നഗരസഭാ ഫയലിൽ ലഭ്യമല്ല. ടിയാന്റെ മറുപടിയിൽ പറയുന്നതുപോലെ പദ്ധതി പൂർത്തിയായ വിവരം ചെയർപേഴ്സണെ അറിയിച്ചത് ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. കാരണം കാണിക്കൽ നോട്ടീസിന് ടിയാനിൽ നിന്നും ലഭിച്ച മറുപടിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും കുടിവെള്ള പദ്ധതി പൂർത്തിയാക്കിയ അറിയിപ്പ് 20.05.2002-ലാണ് ലഭിച്ചതെന്നും ടി അറിയിപ്പിന് ശേഷം കേവലം 22 ദിവസം മാത്രമേ ടിയാൻ കാഞ്ഞങ്ങാട് നഗരസഭയിൽ സെക്രട്ടറിയായി ജോലിചെയ്തിരുന്നുള്ളൂവെന്നും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ തിരക്കിനിടയിൽ നഗരസഭയിൽ ലഭിക്കുന്ന എല്ലാ തപാലുകളും ബന്ധപ്പെട്ട ഫയലുകളിൽ ചേർത്ത് തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയ്ക്ക് കഴിയുകയില്ല എന്ന വസ്തുത ബോദ്ധ്യപ്പെട്ട് ഉത്തരവാദികളായ കീഴുദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ വീഴ്ചയ്ക്ക് നഗരസഭാ സെക്രട്ടറിയുടെ മാത്രം വീഴ്ചയായി കണക്കാക്കിക്കൊണ്ടുള്ള താല്ക്കാലിക തീരുമാനം റദ്ദ് ചെയ്യുന്നതിനും, പദ്ധതി പ്രാവർത്തികമാകുന്നതിന് ആവശ്യമായ താൽക്കാലിക സംവിധാനം ഒരുക്കുന്നതിനുള്ള നിർദ്ദേശം ഫയലിൽ രേഖപ്പെടുത്താതിരുന്നത് മനഃപൂർവ്വമല്ലായെന്നും പദ്ധതി പൂർത്തീകരണം സംബന്ധിച്ച അറിയിപ്പ് 22.05.2002-ൽ ലഭിച്ചതിനുശേഷം കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറി തസ്തികയിലുള്ള കുറഞ്ഞ സമയപരിധി കണക്കിലെടുത്തും, ജലവിതരണ പദ്ധതി പൂർത്തിയാക്കി നഗരസഭയ്ക്ക് കൈമാറുന്നതിന് മുൻപ് തന്നെ മോട്ടോർ പ്രവർത്തിക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിട്ടുള്ളത് കണക്കിലെടുത്തും ടി പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം 2002 ആഗസ്ത് 1-ന് തന്നെ നിർവ്വഹിക്കപ്പെട്ടിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്തും ടിയാനെ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ടിയാന്റെ കാരണം കാണിക്കൽ നോട്ടീസിന് സമർപ്പിച്ച മറുപടിയിൽ അന്വേഷണം നടത്തിയതിൽ ശ്രീ. വി.വി. സത്യവാന്റെ മറുപടിയിൽ കഴമ്പുള്ളതായി കണ്ടെത്തുകയും ടിയാനെ ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ടിയാന്റെ ഭാഗത്തു നിന്നും മനഃപൂർവ്വം നഗരസഭയ്ക്ക് നഷ്ടം ഉണ്ടാക്കത്തക്ക വിധം യാതൊരു നപടിയും സ്വീകരിച്ചിട്ടില്ലെന്നതിനാൽ ടിയാനിൽ നിന്നും (36,659/- രൂപ) ഈടാക്കേണ്ടതായി കാണുന്നില്ല.'

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപിതനായ ശ്രീ. വി.വി. സത്യവാൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. ശുദ്ധജല പദ്ധതിയുടെ പ്രവർത്തി ഉദ്ഘാടനം 2002 ആഗസ്റ്റ് 1-ന് നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. വി.വി. സത്യവാൻ നഗരസഭയ്ക്ക് നഷ്ടം ഉണ്ടാകത്തക്ക തരത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട്, ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കണമെന്ന ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 7ലെ ഉത്തരവ് എന്നിവ പരിഗണിച്ച് ഇക്കാര്യത്തിൽ ദയാപരമായ സമീപനം കൈക്കൊണ്ട് ഈ വിഷയത്തിൽ കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.വി. സത്യവാനെതിരായ അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**രത്നമ്മ. വി,**
**ജോയിന്റ് സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), തൃശ്ശൂർ ബ്രാഞ്ച്
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ.
ശ്രീ.പി.വി. സത്യവാൻ, റിട്ട. കോർപ്പറേഷൻ, സെക്രട്ടറി, വേട്ടുംതറ ഹൗസ്, സെലന്റ്‌വാലി റോഡ്, മരങ്ങാനം, പാദുവാപുരം (പി.ഒ), എറണാകുളം - 683 582.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ